# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3402 | 14.03.2018 — ൽ മറുപടിക്ക്

## ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള റേഷൻ കാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.കെ. ശശി :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് റേഷൻ സംബന്ധമായി മൊത്തവിതരണക്കാർ/റേഷൻ കടകൾ തുടങ്ങി എത്ര വ്യാപാരികൾ നിലവിലുണ്ട്; വ്യക്തമാക്കാമോ ; | (എ) ദേശീയഭക്ഷ്യ ഭദ്രതാ നിയമം,2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 03.10.2016 ലെ സ.ഉ(കൈ)നം.15/16/ഭ.പൊ.വി.വ പ്രകാരം മൊത്ത വിതരണക്കാരെ റേഷൻവിതരണത്തിൽ നിന്നും ഒഴിവാക്കുകയും സപ്ലൈകോയ്ക്ക് ചുമതല നല്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 14345 റേഷൻചില്ലറ വ്യാപാരികൾ ഉണ്ട്. |
| (ബി) റേഷൻ വിതരണ നടത്തിപ്പുകാരായ ഇവർക്ക് നൽകുന്ന പ്രതിഫലം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശം ലഭ്യമാക്കമോ; | (ബി) ഇ-പോസ് മെഷീൻ സ്ഥാപിച്ച കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻകടകളിൽ 10.11.2017 ലെ സ.ഉ(കൈ)നം. 29/17/ഭ.പൊ.വി.വ പ്രകാരം കമ്മീഷൻ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റുള്ളവർക്ക് ഭക്ഷ്യധാന്യ വിതരണം ക്വിന്റലിന് 100/- രൂപയും ആട്ടയ്ക്ക് ക്വിന്റലിന് 75/- രൂപയും കമ്മീഷൻ നൽകി വരുന്നു. പാക്കേജ് നടപ്പിൽ വരുന്ന മുറയ്ക്ക് ഭക്ഷ്യധാന്യവിതരണത്തിനും, ആട്ടയ്ക്കും ക്വിന്റലിന് 220/- രൂപാ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ റേഷൻകാർഡുടമകളിൽ സ്ഥിരമായി റേഷൻ വാങ്ങുന്നവർ എത്ര എന്ന് വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്തെ റേഷൻകാർഡുടമകളിൽ 7483557 ഓളം കാർഡുടമകൾ സ്ഥിരമായി റേഷൻ വാങ്ങുന്നവരാണ്. |

(ഡി) സംസ്ഥാന സർക്കാർ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതുവഴി റേഷൻ കാർഡു കൾ എത്ര തരങ്ങളിൽ നിർവചിക്കപ്പെട്ടു എന്നും പ്രസ്തുത നിർവചനങ്ങൾ മറികടന്ന് എത്ര പേർ കള്ള കാർഡുകൾ വാങ്ങിയെന്നും അറിയിക്കുമോ ;

(ഇ) അവരിൽ എത്ര പേർ സ്വയമേവ കാർഡുകൾ മാറ്റി വാങ്ങിയെന്ന് അറിയി ക്കുമോ; എത്രപേരെ വകുപ്പുകൾ കണ്ടെത്തി എന്നും ഇപ്പോഴും എത്ര പേർ അർഹതയില്ലാത്ത കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങുന്നു എന്നതുമായ വിശദാംശം ലഭ്യമാക്കുമോ ?

(ഡി) യും (ഇ) യും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം,2013 സംസ്ഥാനത്ത് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് എ.എ.വൈ, മുൻഗണനാ, പൊതുവിഭാഗം (സബ്സിഡി), പൊതുവിഭാഗം (നോൺസബ്സിഡി) എന്നിങ്ങനെ നാലു വിഭാഗം റേഷൻകാർഡുകളാണ് നിലവിലുള്ളത്. തെറ്റായ വിവരങ്ങൾ നല്കി മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർ ഉൾപ്പെടെ 262675 കാർഡുടമകളെ മുൻഗണനാപട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഒഴിവാക്കൽ നടപടി തുടർന്നു വരുന്നു. മാത്രമല്ല പട്ടിക നിരന്തരം പരിഷ്കരണത്തിന് വിധേയമായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിൽ തടസ്സമൊന്നുമില്ല.

*സെക്ഷൻ ഓഫീസർ*

**GOVERNMENT OF KERALA**
**Abstract**

F&CSD – Implementation of NFSA – entrusting Supplyco for door to door delivery - Sanctioned – Orders issued.

==========================================================

**Food & Civil Supplies (B) Department**

G.O(Ms)No.15/16/F&CSD. Thiruvananthapuram, Dated 03.10.2016

Read :- 1) GO(Ms)No.53/2013/F&CSD dated 02.12.2013
2) GO(Ms)No.25/2015/F&CSD dated 03.10.2015
3) GO(Ms)No.11/2016/F&CSD dated 29.08.2016

**ORDER**

Government have decided in principle to implement NFSA in the State vide G.O read as 1st paper above.

One of the components of implementing NFSA is door to door delivery of food materials to the benefactors and considering, the technical expertise it was decided to entrust the duty with KELTRON vide G.O read as 2nd paper above.

Proceeding further in the matter, it was found that KELTRON has no such experience of logistics of food material or door to door delivery and the Council of Ministers suggested to entrust the duty with Supplyco.

Government have examined the matter in detail and are pleased to entrust the duty of logistics and door to door delivery with Supplyco and Supplyco is also nominated as the 'system integrator' and 'authorised agency' of the Government of Kerala as per NFSA Act, 2013.

By Order of the Governor,
**MONYLAL B.S**
**Deputy Secretary**

To

The Commissioner of Civil Supplies, TVPM
The Director of Civil Supplies, TVPM
The Chairman & Managing Director, Supplyco
Information & Public Relation Department
Stock File / Office Copy

Forwarded/By Order,

Section Officer

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം — സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പുവരുത്തിക്കൊണ്ടുള്ള പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(കൈ)നം.29/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 10.11.2017

---

പരാമർശം :- 1) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് സംബന്ധിച്ച കമ്മിറ്റി സമർപ്പിച്ച ശുപാർശ

2) 31.05.17-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

## ഉത്തരവ്

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് ഒരു കമ്മീഷൻ പാക്കേജ് നടപ്പിലാക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ ചെയർമാനായി ചില്ലറ റേഷൻ വ്യാപാരികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റി പരാമർശം (1) പ്രകാരം ഒരു ശുപാർശ സർക്കാരിന് സമർപ്പിച്ചു. ഇക്കാര്യത്തിൽ റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പരാമർശം (2) ആയി ചേർന്ന യോഗം കമ്മിറ്റി ശുപാർശകളെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ശുപാർശകളുടെ വെളിച്ചത്തിൽ യോഗം ചില പ്രാഥമിക നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു.

2) പരാമർശങ്ങളിലെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (2)ലെ നിർദ്ദേശപ്രകാരം 45 ക്വിൻറൽ എങ്കിലും വിൽക്കുന്നവർക്ക് കുറഞ്ഞ കമ്മീഷൻ പ്രതിമാസം 16,000/- രൂപ ആയി നിജപ്പെടുത്തിക്കൊണ്ടും കൈകാര്യം ചെയ്യുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിന് ആനുപാതികമായി താഴെ പറയുന്ന നിബന്ധനകൾ ഏർപ്പെടുത്തിക്കൊണ്ടും സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പാക്കേജിൽ മിനിമം കമ്മീഷനായി നിശ്ചയിച്ചിരിക്കുന്ന 16000/- രൂപ ലഭിക്കുന്നതിന് പ്രതിമാസം കുറഞ്ഞത് 45 ക്വിൻറൽ ഭക്ഷ്യധാന്യമെങ്കിലും വിതരണം നടത്തേണ്ടതാണ്.

2) റേഷൻവ്യാപാരിക്ക് ഡീലേഴ്സ് കമ്മീഷൻ ലഭിക്കുന്നത് വിറ്റഴിക്കുന്ന ഭക്ഷ്യധാന്യത്തിൻെറ അളവിനെ അടിസ്ഥാനമാക്കിയായിരിക്കും.

3) ഇ-പോസ് മുഖേനയുള്ള വിപണനത്തിന് പരാമർശം (1) പ്രകാരം റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് കമ്മിറ്റി ശുപാർശ ചെയ്ത ട്രാൻസാക്ഷൻ നിരക്കും വിൽക്കുന്ന ഭക്ഷ്യധാന്യത്തിന് ശുപാർശ ചെയ്ത കമ്മീഷൻനിരക്കും ഏകോപിപ്പിച്ച് 220രൂപ/ക്വിൻറൽ എന്ന നിരക്കിലായിരിക്കും വ്യാപാരിക്ക് ലഭ്യമാകുക.

4) 45 ക്വിന്റലോ അതിൽ കറവോ റിക്വയർമെൻറുള്ള വ്യാപാരിക്ക് വിൽപ്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് 220രൂപ/ക്വിന്റൽ നിരക്കിൽ കമ്മീഷനും സപ്പോർട്ടീവ് പേയ്മെന്റായി പരമാവധി 6100/- രൂപയും നിബന്ധന (9) ലെ ഏകീകരണം പൂർത്തിയാകുന്നത് വരെ ലഭിക്കുന്നതാണ്.

5) 45 ക്വിന്റൽ മുതൽ 72 ക്വിന്റൽ വരെ ഭക്ഷ്യധാന്യം റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ 16000/- രൂപ ഡീലേഴ്സ് മാർജിൻ ലഭിക്കുന്നതിനാവശ്യമായ തുക സപ്പോർട്ടീവ് പേയ്മെന്റായി ലഭിക്കുന്നതാണ്.

6) 73 ക്വിൻറലോ അതിലധികമോ ഭക്ഷ്യധാന്യ റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ വിൽപ്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് ക്വിൻറലിന് 220രൂപ നിരക്കിൽ ഡീലേഴ്സ് കമ്മീഷൻ ലഭ്യമാകുന്നതാണ്. എന്നാൽ ഇവർക്ക് സപ്പോർട്ടീവ് പേയ്മെൻറിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

7) 100% ഓഫ്ടേക്ക് കൈവരിക്കാത്തവർക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനിൽ ആനുപാതികമായ കറവുണ്ടാകുന്നതാണ്.

8) ഓരോ റേഷൻകടയിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് വിപണനം ആരംഭിക്കുന്നത് മുതലായിരിക്കും വ്യാപാരികൾക്ക് മേൽനിരക്കിലെ കമ്മീഷന് അർഹതയുണ്ടാവുക. ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതു വരെ 100/- രൂപ / ക്വിന്റൽ എന്ന കമ്മീഷൻ നിരക്ക് തുടരുന്നതാണ്.

9) വിൽപ്പനയിലുണ്ടാകുന്ന കറവിന് ആനുപാതികമായി, വ്യാപാരിക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനും കറവുണ്ടാകുന്നത് പരിഹരിയ്ക്കാൻ റേഷൻ കാർഡുകളുടെ എണ്ണവും ഭക്ഷ്യധാന്യത്തിന്റെ അളവും ഏകദേശം ശരാശരി തുക എല്ലാ കടകൾക്കും കമ്മീഷൻ ലഭിക്കുന്ന രീതിയിൽ 2018 മാർച്ച് 31-ന് മുമ്പ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കും. അതുവരെ ആകും സപ്പോർട്ടീവ് പേയ്മെന്റ് ലഭ്യമാകുക.

3) പാക്കേജ് നടപ്പാക്കുന്ന ഇനത്തിൽ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനായി അന്ത്യോദയ അന്നയോജന വിഭാഗം ഒഴികെയുള്ളവരിൽ നിന്നും കിലോഗ്രാമിന് 1/- രൂപ നിരക്കിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന അന്നു മുതൽ കൈകാര്യ ചെലവ് ഈടാക്കേണ്ടതാണ്. ഇതിനും പുറമേ ആവശ്യമായി വരുന്ന 44.99 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി വകയിരുത്തുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മിനി ആന്റണി
സ്പെഷ്യൽ സെക്രട്ടറി

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം
5. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
6. ധനകാര്യവകുപ്പ് (vide U.O No.Agri-A1/40/2017-Fin dated 12.04.2017)
7. പൊതുഭരണ (എസ്.സി) വകുപ്പ്
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. ഭക്ഷ്യപൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ